പതിമൂന്നാം കേരള നിയമ സഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2831 02-04-2013 -ലെ മറുപടിക്ക്

## കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവവേലി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവവേലി ഫലപ്രദമാണോ എന്നതു സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്താണെന്നും പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | എ) | ഉണ്ട്. ജൈവവേലികൾ കടൽത്തീര സംരക്ഷണത്തിന് അനുയോജ്യമാണെങ്കിലും കേരള തീരത്തിൽ എല്ലായിടത്തും ഇവ നടപ്പാക്കുന്നതും ഇതുമാത്രമാണ് തീരസംരക്ഷണത്തിന് ഉതകുന്ന ഒരേയൊരു മാർഗ്ഗം എന്ന് കരുതുന്നതും ശരിയാകണമെന്നില്ല. തീരത്തിന്റെ ഭൂപ്രകൃതി ഭൗമഘടന തീരശോഷണത്തിന്റെ രീതികൾ എന്നിവ പരിഗണിച്ചുകൊണ്ടുവേണം ഒരു തീരത്ത് ജൈവവേലി പ്രായോഗികമാണോ അല്ലയോ എന്നുള്ളത് തീരുമാനിക്കേണ്ടത്. ആലപ്പുഴ ജില്ലയിൽ പുന്നപ്ര തീരത്ത് കേരള വനം വകുപ്പും നർബോന സൊസൈറ്റിയും ചേർന്ന് നടത്തിയിട്ടുള്ള ജൈവവേലി നിർമ്മാണം ഒരു മാതൃകയാണ്. |
| ബി) | ഇന്ന് അനുവർത്തിച്ചുവരുന്ന കടൽ ഭിത്തി നിർമ്മാണവും പുലിമുട്ടുകളും നമ്മുടെ തീരങ്ങൾക്ക് അനുയോജ്യമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) | കേരള തീരത്തിന്റെ ഭൂപ്രകൃതിയും കടൽക്ഷോഭ ബാധിത പ്രദേശങ്ങളുടെ പ്രത്യേകതകളും കണക്കിലെടുത്ത് കടൽ ഭിത്തിക്ക് പകരമായി കണ്ടൽ വനം പോലുള്ള ജൈവ പ്രതിരോധം തീർക്കുന്നത് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി) | ഈ വിഷയത്തിൽ നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ; | സി) | ലഭ്യമായതായി കാണുന്നില്ല. |
| ഡി) | പരിസ്ഥിതിയ്ക്ക് പ്രതികൂലമായ കടൽ ഭിത്തി എന്ന ആശയത്തിനുബദലായി കണ്ടൽ വേലി തീർക്കുന്ന കാര്യത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ജലസേചന/ഹാർബർ എൻജിനീയറിംഗ് വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ ? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ